കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി
യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലെ
ഫോൺ: 0487-2423415; ഇ-മെയിൽ - vhkok@kvasu.ac.in

നമ്പർ:യു.വി.എച്ച് /418/ 2019 കൊക്കാലെ, തിയ്യതി : 05.02.2024

# വിജ്ഞാപനം

യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലയിൽ 2024 മാർച്ച് ഒന്നാം തീയതി ആരംഭിക്കുന്ന ആറ് മാസം ദൈർഘ്യമുള്ള *വെറ്ററിനറി നഴ്സിംഗ് , ഫാർമസി ആൻഡ് ലാബോറട്ടറി ടെക്നിക്സ്* എന്നിവയിലുള്ള സ്റ്റൈപെൻഡറി ട്രെയിനിങ്ങിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു . താത്പര്യമുള്ള അപേക്ഷകർ 12.02.2024 തീയതി രാവിലെ 9.30 മണിക്ക് യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ , കൊക്കാലയിൽ അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ് . ട്രെയിനിങ്ങിന് 6 (ആറ്) ഒഴിവുകളാണുള്ളത്. ഉദ്യോഗാർത്ഥികൾ അനിമൽ ഹസ്ബൻഡറി/ഡയറി/പൗൾട്ടറി സയൻസ്, ഡയറി ഫാമർ / എന്റർപ്രണർ , സ്മാൾ പൗൾട്രി ഫാമർ എന്നിവയിലേതിലെങ്കിലും വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ (VHSE ) പാസ്സ് ആയിരിക്കണം . പ്രായ പരിധി 25 വയസ്സ് .വയസ് , വിദ്യാഭ്യാസ യോഗ്യത ,ജാതി ,അനുഭവജ്ഞാനം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോയോടു കൂടിയ ബയോഡാറ്റയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രൊഫസർ &ഹെഡ്, യു.വി.എച്ച് കൊക്കാല എന്ന് അഭിസംബോധന ചെയ്ത് വെള്ള കടലാസിലാണ് അപേക്ഷ തയാറാക്കേണ്ടത് .തിരഞ്ഞെടുക്കപെടുന്നവർക്ക് മാസം 6000/- രൂപ എന്ന നിരക്കിൽ സ്റ്റൈപെൻഡിനു അർഹതയുണ്ടായിരിക്കുന്നതാണ് . അപേക്ഷകരുടെ എണ്ണം അധികമാകുന്നപക്ഷം എഴുത്ത് പരീക്ഷ നടത്തി പ്രാരംഭ പരിശോധനയിൽ വിജയിക്കുന്നവരെ മാത്രമേ അഭിമുഖ പരീക്ഷയ്ക്ക് ഉൾപെടുത്തുകയുള്ളു . ഇത് ഒരു പരിശീലനപരിപാടിയായതിനാൽ തന്നെ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി നിയമനങ്ങളിൽ പ്രത്യേക പരിഗണനയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല . തിരഞ്ഞെടുപ്പ് രീതികളിലും റാങ്ക് ലിസ്റ്റ് രൂപീകരണത്തിലും തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും .അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകുന്നവർക്ക് യാത്രബത്ത ഉണ്ടായിരിക്കുന്നതല്ല .

കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ ഫോൺ മുഖേനെയോ ബന്ധപെടാവുന്നതാണ് Mob: 854 773 2415.

പ്രൊഫസർ ആൻഡ് ഹെഡ്

UNIVERSITY VETERINARY HOSPITAL
THRISSUR
PIN 680 021
KOKKALAI

PROFESSOR AND HEAD
University Veterinary Hospital
Kokkalai, Thrissur-680 021